1. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കാനുള്ള കാല താമസം പൗരന്മാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വൈകുന്നതിന് കാരണമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **The Prime Minister Narendra Modi said that delays in infrastructure projects will deprive citizens and industries of timely benefits.**

2. കേന്ദ്ര മന്ത്രി പീയൂഷ് ഗോയലിന്റെ മൂന്ന് ദിവസത്തെ യു കെ സന്ദർശനത്തിന് ഇന്ന് തുടക്കം.

   **Union Commerce and Industry Minister Piyush Goyal will embark on a three-day official visit to London, United Kingdom today.**

3. കേരളത്തിൽ പകർച്ചവ്യാധികൾ മുൻവർഷങ്ങളെ അപേക്ഷിച്ച് വർധിച്ചിട്ടില്ലെന്ന് മന്ത്രി കെ. മുരളീധരൻ.

   **Minister K. Muraleedharan says that infectious diseases have not increased in Kerala compared to previous years.**

4. ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ സ്മരണയിൽ രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു.

   **Samvidhaan Hatya Diwas is being observed today. It**

serves as a reminder of what happened when the Constitution of India was trampled during Emergency.

5. അരുണാചൽ പ്രദേശിൽ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും വ്യാപക നാശനഷ്ടം. നാല് പേരെ കാണാതായി; നിരവധി പേർക്ക് പരിക്ക്.

   In Arunachal Pradesh, heavy rainfall and flash floods have caused widespread damages. Four people are missing, while several others are injured.

6. ലോകകപ്പ് ഫുട്ബോളിൽ സ്കോട്ലാൻഡിനെ പരാജയപ്പെടുത്തി ബ്രസീൽ നോക്ക് ഔട്ടിൽ പ്രവേശിച്ചു. വനിതാ ട്വന്റി - 20 ലോകകപ്പിൽ, ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

   In Football World Cup, Brazil beat Scotland and advanced to the knockout stage and In the ICC Women's T20 World Cup, India will take on Bangladesh today.

## PM-PRAGATI MEETING (INTRO)

അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടപ്പാക്കലിൽ ഉണ്ടാകുന്ന കാല താമസം പൗരന്മാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വൈകുന്നതിന് കാരണമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിനും ഇത് കാരണമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്നലെ ന്യൂഡൽഹിയിൽ നടന്ന പ്രഗതിയുടെ 52-ാമത് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

ഒരു റിപ്പോർട്ട്....

*(വോയിസ്)*

*ഏറ്റവും മികച്ച ഭരണ നിർവഹണം, സമയബന്ധിതമായ പദ്ധതി നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആരംഭിച്ച, വിവര സാങ്കേതിക വിദ്യ അധിഷ്ഠിത പ്ലാറ്റ്ഫോമാണ് പ്രഗതി. നാല് സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന റോഡ്, വൈദ്യുതി, വ്യവസായ ഇടനാഴി, മെട്രോ റെയിൽ എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ അദ്ദേഹം യോഗത്തിൽ അവലോകനം ചെയ്തു. ഏകദേശം മുപ്പത്തിഅയ്യായിരം കോടി രൂപയുടെ നിക്ഷേപമാണ് ഈ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്നത്. തടസ്സങ്ങൾ പരിഹരിക്കാനും പദ്ധതി നടപ്പാക്കൽ സൂക്ഷ്മമായി നിരീക്ഷിക്കാനും മന്ത്രാലയങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും അദ്ദേഹം നിർദ്ദേശം നൽകി. ടി ബി മുക്ത് ഭാരത് അഭിയാനുമായി ബന്ധപ്പെട്ട അവലോകനവും യോഗത്തിൽ നടന്നു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**********************************

# INDIA-RUSSIA

ഇന്ത്യ- റഷ്യ ഉഭയകക്ഷി വ്യാപാരം 2030 ആകുമ്പോഴേക്കും 100 ബില്യൺ യുഎസ് ഡോളറിലെത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇരു രാജ്യങ്ങളും പ്രവർത്തിക്കുന്നതെന്ന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ്. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം, സ്ഥിരത കൈവരിച്ചിട്ടുണ്ടെന്നും മേഖലകളിലുടനീളം സാമ്പത്തിക സഹകരണം വികസിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു. മോസ്കോയിൽ നടന്ന 12-ാമത് പ്രിമാകോവ് റീഡിംഗ്സ് ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

**********************************

# GOYAL UK (INTRO)

കേന്ദ്ര മന്ത്രി പീയൂഷ് ഗോയലിന്റെ മൂന്ന് ദിവസത്തെ യു കെ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ അടുത്ത മാസം 15 ന് പ്രാബല്യത്തിൽ വരാനിരിക്കെയാണ് ഈ സന്ദർശനമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്....**

*(വോയിസ്)*

*യു കെ സന്ദർശന വേളയിൽ, യു കെ യുടെ വ്യാപാര വ്യവസായ സ്റ്റേറ്റ് സെക്രട്ടറി പീറ്റർ കൈലുമായി കേന്ദ്രമന്ത്രി പിയുഷ് ഗോയൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. വ്യാപാര കരാർ നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പുകളിലാണ് ചർച്ച ശ്രദ്ധ കേന്ദ്രീകരിക്കുക. ലണ്ടനിൽ നടക്കുന്ന ഇന്ത്യ ഗ്ലോബൽ ഫോറത്തിന്റെ ഉദ്ഘാടന പ്ലീനറി സെഷനിൽ, ശ്രീ.ഗോയൽ സംസാരിക്കും. പ്രമുഖ ആഗോള കമ്പനികളുടെ എക്സിക്യൂട്ടീവുകളുമായി സംവദിക്കുന്ന മന്ത്രി യുകെ-ഇന്ത്യ ബിസിനസ് കൗൺസിൽ സംഘടിപ്പിക്കുന്ന ബിസിനസ് സെഷനിലും പങ്കെടുക്കും. പ്രമുഖ ആഗോള സാമ്പത്തിക, വ്യാവസായിക സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ഏഷ്യ ഹൗസ് സംഘടിപ്പിക്കുന്ന വട്ടമേശ സമ്മേളനത്തിനും അദ്ദേഹം നേതൃത്വം നൽകും.*

***ന്യൂസ്ഡെസ്ക് ആകാശവാണി....***

**************************************

## SAMVIDHAAN HATYA DIWAS

രാജ്യം ഇന്ന് സംവിധാൻ ഹത്യ ദിവസ് ആചരിക്കുന്നു. ആഭ്യന്തര അസ്വസ്ഥതകൾ ചൂണ്ടിക്കാട്ടി, 1975 ജൂൺ 25-നാണ് അന്നത്തെ രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ് ഭരണഘടനയുടെ ആർട്ടിക്കിൾ 352 പ്രകാരം ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അക്കാലത്തെ ദുരിത നടപടികളുടെ

ഓർമ്മപ്പെടുത്തലായാണ് ദിനാചാരണം. അടിയന്തരാവസ്ഥ ഏർപ്പെടുത്തി 50 വർഷം പിന്നിടുന്നതിന്റെ ഭാഗമായി സാംസ്കാരിക മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടന്നു വന്ന ഒരു വർഷം നീണ്ട പരിപാടികളുടെ സമാപന ചടങ്ങ് ഇന്ന് ന്യൂഡൽഹിയിൽ സംഘടിപ്പിക്കും.

**********************************

## BRICS-ENERGY MINISTERS MEETING

ഇന്ത്യയുടെ ആദ്ധ്യക്ഷത്തിൽ 11-ാമത് ബ്രിക്സ് ഊർജ്ജ മന്ത്രിമാരുടെ യോഗത്തിന് ഹരിയാനയിലെ ഗുരുഗ്രാമിൽ ഇന്ന് തുടക്കമാകും. രണ്ടു ദിവസത്തെ യോഗത്തിൽ ഊർജ്ജ സുരക്ഷ, സുസ്ഥിരത, നവീകരണം എന്നിവയിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായി 11 ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുമുള്ള ഊർജ്ജ മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും.

**********************************

## K. MURALEEDHARAN

കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പ്രകാരം ഈ വർഷം കേരളത്തിൽ ഷിഗെല്ല രോഗബാധ ഒഴികെ മറ്റു പകർച്ചവ്യാധികൾ വർദ്ധിച്ചിട്ടില്ലെന്ന് ആരോഗ്യമന്ത്രി കെ.മുരളീധരൻ. ഏറ്റവും കൂടുതൽ ഷിഗെല്ല ബാധിക്കുകയും മരണമടയുകയും ചെയ്തത് 2026ൽ ആണ്. റിപ്പോർട്ട് ചെയ്തു 241 കേസുകളിൽ, 7 പേർ മരിച്ചു. അതേസമയം നിപ പ്രതിരോധ നടപടികൾ ശക്തമായി തുടരുന്നുവെന്നും, പുതുതായി ആരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല എന്നും ആരോഗ്യമന്ത്രി വ്യക്തമാക്കി. വളരെ ഉയർന്ന അപകട നിലയിൽപ്പെട്ട 4 പേരും, മറ്റ് 14 പേരുമാണ് ക്വാറന്റീനിലുള്ളത്.

**********************************

## ISRO - V NARAYANAN (INTRO)

ബ്രിക്സ് അംഗരാജ്യങ്ങളുടെ ബഹിരാകാശ ഏജൻസി തലവന്മാരുടെ യോഗം ബെംഗളൂരുവിൽ ചേർന്നു. ഇന്ത്യയുടെ അധ്യക്ഷതയിൽ ISRO ആതിഥേയത്വം വഹിച്ച ബഹിരാകാശ യോഗം പരസ്പര സൗഹൃദത്തിന്റെ കൂടി വേദിയായി. കഴിഞ്ഞ 12 വർഷക്കാലം ഇന്ത്യയുടെ ബഹിരാകാശ മേഖല നേടിയെടുത്ത പരിവർത്തനാത്മകമായ മാറ്റത്തെ അഭിനന്ദിച്ച നേതാക്കൾ തങ്ങളുടെ സഹകരണത്തിനുള്ള പ്രതിബദ്ധത ആവർത്തിച്ചതായി ISRO മേധാവി വി.നാരായണൻ പറഞ്ഞു.

(വോയിസ് ബൈറ്റ്)

***********************************

## ARUNACHAL PRADESH FLASH FLOODS

അരുണാചൽ പ്രദേശിൽ ഇന്നലെ ഉണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും നാല് പേരെ കാണാതായി. കേയി പന്യോർ ജില്ലയിലെ യസാലി മേഖലയിലാണ് വ്യാപക നാശനഷ്ടങ്ങൾക്ക് കാരണമായ മിന്നൽ പ്രളയം ഉണ്ടായത്. 17 പേർക്ക് പരിക്കേറ്റതായും, മൂന്ന് പേരുടെ നില ഗുരുതരമാണെന്നും അധികൃതർ അറിയിച്ചു. പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായത് രക്ഷാപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും ദുരിതാശ്വാസ - രക്ഷാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുകയാണെന്നും മുഖ്യമന്ത്രി പേമ ഖണ്ഡു പറഞ്ഞു.

***********************************

## FIFA WORLD CUP

ലോകകപ്പ് ഫുട്ബോളിൽ സ്കോട്‌ലാൻഡിനെ എതിരില്ലാത്ത മൂന്ന് ഗോളിനു പരാജയപ്പെടുത്തി ബ്രസീൽ നോക്ക് ഔട്ടിൽ പ്രവേശിച്ചു. ഇന്ന് പുലർച്ചെ നടന്ന മറ്റു മത്സരങ്ങളിൽ

ഹെയ്തിയെ രണ്ടിനെതിരെ 4 ഗോളിന് മൊറോക്കൊ പരാജയപ്പെടുത്തി. ഇതോടെ ഹെയ്തി ലോകകപ്പിൽ നിന്ന് പുറത്തായി. കാനഡയ്ക്കെതിരെ, സ്വിറ്റ്സർലാൻറും ഖത്തറിനെതിരെ ബൊസ്നിയ ഹെർസെഗോവിനയും വിജയിച്ചു. നിലവിൽ ദക്ഷിണാഫ്രിക്ക-സൗത്ത് കൊറിയയെയും ചെക്ക് റിപ്പബ്ലിക്ക്-മെക്സിക്കോയെയും നേരിടുകയാണ്.

**********************************

## T20 WC - IND VS BAN

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ, ഇന്ന് ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. മാഞ്ചസ്റ്ററിൽ ഇന്ത്യൻ സമയം വൈകുന്നേരം 7 മണിക്ക് മത്സരം ആരംഭിക്കും. ഹർമൻപ്രീത് കൗറിന്റെ നേതൃത്വത്തിലുള്ള വനിതാ ടീം നിലവിൽ ഗ്രൂപ്പ് എയിൽ 3 മത്സരങ്ങളിൽ 2 എണ്ണം വിജയിച്ച് രണ്ടാം സ്ഥാനത്താണ്. ബംഗ്ലാദേശ് നാലാം സ്ഥാനത്തും.

**********************************

## EARTHQUAKE

ജപ്പാന്റെ വടക്ക് ഭാഗത്ത് 6.9 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായി. ഇവാറ്റെ പ്രിഫെക്ചർ തീരത്ത് നിന്ന് 50 കിലോമീറ്റർ താഴ്ചയിലാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം എന്ന് ജപ്പാൻ കാലാവസ്ഥാ ഏജൻസി അറിയിച്ചു. എന്നാൽ, സുനാമി മുന്നറിയിപ്പോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല. സമാന തീവ്രതയുള്ള ഭൂകമ്പത്തിനു സാധ്യതയുള്ളതിനാൽ ജനങ്ങൾക്ക് ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. വെനിസ്വേലയിലെ യുമറെ പട്ടണത്തിലും ഇന്ന് രാവിലെ 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായി. കാരക്കാസിൽ നിരവധി കെട്ടിടങ്ങൾ തകർന്നിട്ടുണ്ട്.

**********************************

## YOUTH PARLIAMENT-PRIZE

കേന്ദ്രീയ വിദ്യാലയങ്ങൾക്കായുള്ള 2025-26 ലെ മുപ്പത്തിയാറാമത് ദേശീയ യുവജന പാർലമെന്റ് മത്സരത്തിന്റെ സമ്മാനദാനം ഇന്ന് ന്യൂഡൽഹിയിൽ പാർലമെന്ററി കാര്യ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ നിവഹിക്കും. ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ന്യൂഡൽഹി-ഡോ. രാജേന്ദ്ര പ്രസാദ് കേന്ദ്രീയ വിദ്യാലയത്തിന് സർദാർ വല്ലഭായ് പട്ടേൽ റണ്ണിംഗ് പാർലമെന്ററി ഷീൽഡും ട്രോഫിയും സമ്മാനിക്കും. പ്രാദേശിക തലത്തിൽ കേരളത്തിൽ നിന്നും - തിരുവനന്തപുരം പള്ളിപ്പുറം കേന്ദ്രീയ വിദ്യാലയത്തിനും പുരസ്കാരം ലഭിക്കും.

**********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക് നടക്കും. പരിപാടിയുടെ 135 ആം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നാളെ വരെ MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

**********************************

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം.

☸

☸☸☸☸

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

बहुजनहिताय बहुजनसुखाय
आकाशवाणी